AND THE OSCAR GOES TO……

ഓസ്കാർ വേദിയിൽ പുതുചരിത്രം സൃഷ്ടിച്ചിരിക്കുകയാണ് **"പാരസൈറ്റ്".** മികച്ച ചിത്രം, മികച്ച രാജ്യാന്തര ചിത്രം, മികച്ച സംവിധായകൻ, മികച്ച തിരക്കഥ എന്നീ വിഭാഗങ്ങളിലാണ് ഓസ്കാർ നേട്ടം. ആദ്യമായാണ് ഒരു ഇംഗ്ലീഷ് അല്ലാത്ത ചിത്രം മികച്ച സിനിമക്കുള്ള ഓസ്കാർ നേടുന്നത് . തൊണ്ണൂറ്റി രണ്ട് വർഷത്തെ അക്കാദമി അവാർഡിന്റെ ചരിത്രത്തിലേക്ക് തലയെടുപ്പോടെ നടന്നു കയറുകയായിരുന്നു "പാരസൈറ്റ്" എന്ന ദക്ഷിണ കൊറിയൻ ചലച്ചിത്രം.

2019 മെയ് 21 ന് നടന്ന 2019 കാൻസ് ചലച്ചിത്രമേളയിൽ പ്രദർശിപ്പിച്ച ഈ ചിത്രം, പാം ഡി ഓർ നേടിയ ആദ്യത്തെ കൊറിയൻ ചിത്രമെന്ന ബഹുമതിയും സ്വന്തമാക്കി. കാൻ ചലച്ചിത്ര മേളയിൽ മികച്ച ചിത്രത്തിനുള്ള പുരസ്കാരം നേടിയപ്പോൾ മുതൽ കാണാൻ കൊതിച്ച ചിത്രമാണ് "പാരസൈറ്റ്". 24-ാമത് IFFKയിൽ ഡിസംബർ 8 ന് വൈകുന്നേരം ആറ് മണിക്ക് തിരുവനന്തപുരം നിശാഗന്ധി ഓഡിറ്റോറിയത്തിൽ പാരസൈറ്റ്കാണുവാൻ കഴിഞ്ഞു . ഇന്നും മനസ്സിൽ ആ നല്ല സിനിമാനുഭവം പ്രസരിപ്പോടെ നിൽക്കുന്നു , അത്ര ഇഷ്ടമായി "പാരസൈറ്റ്" - അത്ര മനോഹരമാണ് "പാരസൈറ്റ്".

സമൂഹത്തിലെ പാർശവത്കരിക്കപ്പെട്ട ജനതയുടെ ജീവിതം സാമ്പത്തിക , സാമൂഹിക തലത്തിൽ അജഗജാന്തരമുള്ള രണ്ടു കുടുംബങ്ങളുടെ പശ്ചാത്തലത്തിൽ വിമർശനാത്മകമായി പറയുന്നതിൽ സംവിധായകൻ ബോങ് ജുൻ ഹോ നൂറു ശതമാനം വിജയിച്ചിരിക്കുന്നു . ചിത്രത്തിന്റെ സഞ്ചാര നാൾ വഴികളിൽ (ഗോൾഡൻ ഗ്ലോബ് ഉൾപ്പെടെ ) കരസ്ഥമാക്കിയ അംഗീകാരങ്ങളൊക്കെയും അത് അടിവരയിടുന്ന കാര്യങ്ങളുമാണ്, അത്രയ്ക്ക് മനോഹരമാണ് "പാരസൈറ്റ്"

കിം കി ടെക് , ഭാര്യ ചോങ് സൂക് , മകൻ കി വു , മകൾ കി ജോങ് ഇവരുടെ ദരിദ്ര കുടുംബം വളരെ പരിതാപകരമായ അവസ്ഥയിലൂടെയാണ് ജീവിക്കുന്നത് . കുടുംബത്തിൽ ആർക്കും

കാര്യമായ വരുമാനം ഒന്നുമില്ല . അങ്ങിനെയിരിക്കെ കി വൂ വിന് സുഹൃത്ത് വഴി ഒരു ധനികന്റെ ( പാർക്ക് കുടുംബം ) മകൾക്ക് ട്യൂഷൻ എടുക്കാനുള്ള അവസരം കിട്ടുന്നു, വിദ്യാഭ്യാസം ഇല്ലാതിരുന്നിട്ടു കൂടി വ്യാജ സർട്ടിഫിക്കറ്റ് ഉണ്ടാക്കിയാണ് അവിടെ കടന്നു കൂടിയത് . തുടർന്ന് തന്ത്രപരമായി ഡ്രൈവർ , വേലക്കാരി തുടങ്ങിയവരെ പാർക്ക് കുടുംബത്തിൽ നിന്നും ഒഴിവാക്കുകയും തൽസ്ഥാനത്തു തന്റെ മാതാ പിതാക്കളെയും സഹോദരിയെയും കൊണ്ട് വരികയും ചെയ്യുന്നു . സംശയത്തിന് ഇട നൽകാതെ പരസ്പരം അറിയാത്ത ആൾക്കാർ എന്ന നിലക്കായിരുന്നു ഇവരുടെ പെരുമാറ്റം. ഇതിനിടെ ധനികന്റെ മകളുമായി കി വൂ പ്രണയത്തിലാകുന്നു .

ഒരുനാൾ പാർക്ക് കുടുംബം ഉല്ലാസ യാത്ര പോകുന്നു , അന്ന് കിം കുടുംബം ആ കൊട്ടാരസദൃശമായ വീട്ടിലെ ആഡംബര ജീവിതം ആസ്വദിക്കുന്നു . ആ രാത്രി കാര്യങ്ങൾ അപ്പാടെ മാറിമറിയുകയാണ് . അതൊക്കെ കണ്ടുതന്നെ അറിയേണ്ടതാണ് , ഇനിയും സിനിമ കാണാത്തവരുടെ രസച്ചരടിനെ കൊല്ലാൻ ഞാൻ ആഗ്രഹിക്കുന്നില്ല . മിക്കവാറും കൊറിയൻ സിനിമകളിൽ കാണുന്ന വയലൻസ് ഇതിലും നേരിയ രീതിയിൽ കടന്നു കൂടിയിട്ടുണ്ട് . എങ്കിലും അതീവ രസകരമായാണ് ചിത്രം സഞ്ചരിക്കുന്നത് . തീർച്ചയായും കണ്ടിരിക്കേണ്ട ചിത്രമാണ് "പാരസൈറ്റ്".

**Review by Manesh G S**